**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1181** **31-01-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡ് പമ്പുകളിൽ നൽകിയിരുന്ന ഡീസൽ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് പമ്പുകളിൽ നൽകിയിരുന്ന ഡീസൽ സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചത്; വിശദമാക്കുമോ; | (എ) | പരാമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് പമ്പുകളിൽ നിന്നും ഡീസൽ സബ്സിഡി അനുവദിച്ചിരുന്നില്ല. എന്നാൽ മത്സ്യഫെഡിന്റെ 12 ഡീസൽ ബങ്കുകളിലെ ഡീസൽ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ഒരു സമയം കുറഞ്ഞത് 100 ലിറ്ററോ അതിലധികമോ ഡീസൽ വാങ്ങുന്ന ബോട്ട്/ഇൻബോർഡ് വള്ളം ഉടമകൾക്ക് 24.11.2021 മുതൽ ലിറ്ററിന് 1/- രൂപ (ഒരു രൂപ മാത്രം) നിരക്കിൽ ഡിസ്കൗണ്ട് അനുവദിച്ചിരുന്നു. പ്രസ്തുത സ്കീം നടപ്പിലാക്കിയതു വഴി ഡീസൽ വിൽപ്പന 2021-22 വർഷത്തെ 10,871 കിലോ ലിറ്ററിൽ നിന്നും 2022 -23 വർഷം 15,329 കിലോ ലിറ്റർ ആയി വർദ്ധിച്ചുവെങ്കിലും അറ്റാദായം 167.15 ലക്ഷം രൂപയിൽ നിന്നും 99.36 ലക്ഷം രൂപയായി കുറയുകയാണുണ്ടായത്. 15,329 കിലോ ലിറ്റർ ഡീസലിന് ഒരു രൂപ നിരക്കിൽ ഡിസ്കൗണ്ട് നൽകുക വഴി 153.29 ലക്ഷം രൂപയുടെ വരുമാന നഷ്ടം മത്സ്യഫെഡിന് ഉണ്ടായിട്ടുണ്ട് . വിൽപ്പന യിലെ വർദ്ധനവ് മൂലം ലഭിച്ച അധിക വരുമാനം 44.58 ലക്ഷം രൂപ തട്ടി കിഴിച്ചാലും, 108.71 ലക്ഷം രൂപയുടെ അറ്റ വരുമാന നഷ്ടമുണ്ടായി. 2023 ഏപ്രിൽ മുതൽ 2023 സെപ്റ്റംബർ മാസം വരെയുള്ള 6 മാസത്തെ കണക്കുകൾ പ്രകാരം 6896.995 കിലോ ലിറ്റർ ഡീസൽ വിൽക്കുകയും ആകെ 44.13 ലക്ഷം രൂപയുടെ അറ്റാദായം ലഭിച്ചിട്ടുമുണ്ട്. ടി കാലയളവിൽ ഡീസൽ വിൽപ്പനയ്ക്ക് ഒരു രൂപ ക്രമത്തിൽ ഡിസ്കൗണ്ട് നൽകുക വഴി 65.08 ലക്ഷം രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ട് . ആയത് മത്സ്യഫെഡിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മത്സ്യഫെഡ് ബങ്കുകളിൽ കൂടി ഡീസലിന് നിലവിൽ നൽകി വരുന്ന ഡിസ്കൗണ്ട് ലിറ്ററിന് ഒരു രൂപ എന്നതിൽ നിന്ന് ലിറ്ററിന് 50 പൈസയാക്കി 26.11.2023 മുതൽ പുന: |

| | | | |
|---|---|---|---|
| | | | ക്രമീകരിക്കുകയാണുണ്ടായത് . ഇത് മത്സ്യ ത്തൊഴിലാളികൾക്കല്ല മറിച്ച് ബോട്ടുടമ കൾക്ക് / ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച യാനങ്ങൾക്കാണ് ബാധകമാകുന്നത് . |
| (ബി) | മുമ്പ് ലിറ്ററിന് എത്ര രൂപയായിരുന്നു സബ്സിഡിയായി അനുവദിച്ചിരുന്നത്; പ്രസ്തുത സബ്സിഡിയിൽ നിലവിൽ കുറവ് വരുത്തിയത് എത്ര രൂപയാണ്; സബ്സിഡി വെട്ടിക്കുറക്കുന്നതിലൂടെ മത്സ്യഫെഡിന് എത്ര രൂപയുടെ ലാഭം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | ഡീസൽ സബ്സിഡി ആനുകൂല്യം അനുവദിച്ചിരുന്നില്ല. എന്നാൽ ഒരു സമയം കുറഞ്ഞത് 100 ലിറ്ററോ അതിലധികമോ ഡീസൽ വാങ്ങുന്ന ഉണഭോക്താവിന് ലിറ്ററിന് ഒരു രൂപ ഡിസ്കൗണ്ട് മുൻപ് അനുവദിച്ചിരുന്നു.<br><br>മുൻപ് ഒരു ലിറ്റർ ഡീസലിന് അനുവദിച്ചിരുന്ന 1 രൂപ ഡിസ്കൗണ്ടിൽ നിന്നും 50 പൈസ കുറവ് ചെയ്ത് നിലവിൽ ലിറ്ററിന് 50 പൈസ ഡിസ്കൗണ്ട് മത്സ്യഫെഡ് നൽകി വരുന്നു.<br><br>ഇത്തരത്തിൽ ഡിസ്കൗണ്ട് തുക വെട്ടി കുറച്ചതിലൂടെ മത്സ്യഫെഡിന് ഉണ്ടായ ഭീമമായ നഷ്ടം കുറയ്ക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ